REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 06-07-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **രണ്ട് ദിവസത്തെ സന്ദർശനത്തിന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഉച്ചകഴിഞ്ഞ് കേരളത്തിലെത്തും.**
- **17-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ബ്രസീലിലെ റിയോ ഡി ജനീറോയിലെത്തി.**
- **ബ്രിക്സ് രാജ്യങ്ങളുമായി തന്ത്രപര പങ്കാളിത്തം കൂടുതൽ ശക്തമാക്കാൻ ധനമന്ത്രി നിർമ്മലാ സീതാരാമൻ അംഗരാഷ്ട്രങ്ങളുമായി ചർച്ച നടത്തി.**
- **പാലക്കാട്ട് ആരോഗ്യ വകുപ്പ് നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.**
- **ബർമ്മിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ട് ഉച്ച കഴിഞ്ഞ് രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

രണ്ട് ദിവസത്തെ സന്ദർശനത്തിന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഉച്ചകഴിഞ്ഞ് കേരളത്തിലെത്തും. നെടുമ്പാശേരിയിൽ കുടുംബത്തോടൊപ്പമെത്തുന്ന അദ്ദേഹം, നാളെ ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. പിന്നീട്, കൊച്ചി നുവാൽസിൽ നിയമ വിദ്യാർത്ഥികളുമായും അധ്യാപകരുമായും ഉപരാഷ്ട്രപതി സംവദിക്കും.

സന്ദർശനത്തോട് അനുബന്ധിച്ച് നാളെ ഗുരുവായൂർ ക്ഷേത്രത്തിൽ നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട് . രാവിലെ എട്ട് മുതൽ പത്തു വരെ വിവാഹം, ചോറൂണ്, ക്ഷേത്ര ദർശനം എന്നിവയ്ക്ക് നിയന്ത്രണം ഉണ്ടാകും.

ഉപരാഷ്ട്രപതിയുടെ സന്ദർശനം കഴിയുന്നതുവരെ തെക്കേ നടയുടെ ഇരുവശത്തെയും കടകൾ തുറക്കരുതെന്നും നിർദേശമുണ്ട്.

✪✪✪

17-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ബ്രസീലിലെ റിയോ ഡി ജനീറോയിലെത്തി. ആഗോളവിഷയങ്ങളിലെ കാഴ്ചപ്പാടുകൾ അദ്ദേഹം ഉച്ചകോടിയിൽ അവതരിപ്പിക്കും. സമാധാനം, സുരക്ഷ, ബഹുകക്ഷി സൗഹൃദം, നിർമ്മിത ബുദ്ധിയുടെ ഉത്തരവാദിത്വ പൂർണമായ ഉപയോഗം, കാലാവസ്ഥാ വ്യതിയാനം, ആരോഗ്യം എന്നിവയടക്കം വിഷയങ്ങൾ അദ്ദേഹം പരാമർശിക്കും.

ഉച്ചകോടിയ്ക്ക് ശേഷം തലസ്ഥാനമായ ബ്രസീലിയ സന്ദർശിക്കുന്ന പ്രധാനമന്ത്രി പ്രസിഡണ്ട് ലൂയിസ് ഇനാഷിയോ ലുലാഡാ സിൽവയുമായി കൂടിക്കാഴ്ച നടത്തും. ചരിത്രപരമായ അർജന്റീന സന്ദർശനത്തിനു ശേഷമാണ് പ്രധാനമന്ത്രി ബ്യൂണസ് ഐറിസിൽ നിന്ന് റിയോ ഡി ജനീറയിലെത്തിയത്.

✪✪✪

ബ്രിക്സ് രാജ്യങ്ങളുമായി തന്ത്രപര പങ്കാളിത്തം കൂടുതൽ ശക്തമാക്കാൻ ആവശ്യമായ ഉഭയകക്ഷി സഹകരണ വിഷയങ്ങൾ ധനമന്ത്രി നിർമ്മലാ സീതാരാമൻ അംഗരാഷ്ട്രങ്ങളുമായി ചർച്ച ചെയ്തു. റിയോ ഡി ജനീറോയിൽ ഇന്നലെ രാത്രി ബ്രിക്സ് രാജ്യങ്ങളിലെ ധനമന്ത്രിമാരുടെ യോഗത്തിലായിരുന്നു ചർച്ച. റഷ്യ, ചൈന, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിലെ മന്ത്രിമാർ ചർച്ചയിൽ പങ്കു ചേർന്നു. അടുത്ത ജനുവരിയിൽ ഇന്ത്യ, ബ്രിക്സ് അധ്യക്ഷ സ്ഥാനമേൽക്കുമ്പോൾ ബ്രസീൽ മുന്നോട്ടുവെച്ച പരിഗണനകളും, കാര്യപരിപാടികളും തുടരുമെന്ന് നിർമ്മലാ സീതാരാമൻ വ്യക്തമാക്കി.

✪✪✪

പ്രമുഖ ചിന്തകനും വിദ്യാഭ്യാസ വിദഗ്ദ്ധനുമായ ഡോ. ശ്യാമപ്രസാദ് മുഖർജിയുടെ ജന്മദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവും ആദരാഞ്ജലി അർപ്പിച്ചു. രാജ്യത്തിന്റെ ബഹുമാനവും അന്തസ്സും അഭിമാനവും സംരക്ഷിക്കുന്നതിന് ഡോ. മുഖർജി ജീവൻ ബലിയർപ്പിച്ചുവെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. വികസിതവും സ്വയംപര്യാപ്തവുമായ ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് മുഖർജിയുടെ ആശയങ്ങളും തത്വങ്ങളും വിലമതിക്കാനാവാത്തവയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ ഡോ. ശ്യാമപ്രസാദ് മുഖർജിയുടെ പ്രതിമയിൽ പുഷ്പങ്ങൾ അർപ്പിച്ചു. ഡൽഹി മുഖ്യമന്ത്രിയും BJP ഭാരവാഹികളും ചടങ്ങിൽ സംബന്ധിച്ചു. പുതിയ വിദ്യാഭ്യാസ നയ രൂപീകരണത്തിൽ ഡോ. മുഖർജിയുടെ ഭാഷാപരമായ കാഴ്ചപ്പാടുകൾ ഗവൺമെന്റ് പ്രാവർത്തികമാക്കിയെന്ന് അശ്വിനി വൈഷ്ണവ് പറഞ്ഞു. ഭരണഘടനയുടെ 370-ാം വകുപ്പ് എടുത്തുകളയാൻ പ്രേരണയായത് ഡോ. മുഖർജിയുടെ പോരാട്ടങ്ങളാണെന്നും അശ്വിനി വൈഷ്ണവ് അഭിപ്രായപ്പെട്ടു.

✪✪✪

90-ാം ജന്മദിനം ആഘോഷിക്കുന്ന ടിബറ്റൻ ആത്മീയ നേതാവ് ദലൈലാമയ്ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസ നേർന്നു. സ്നേഹം, കാരുണ്യം, ക്ഷമ, ധാർമ്മിക അച്ചടക്കം എന്നിവയുടെ ശാശ്വത പ്രതീകമാണ് ദലൈലാമയെന്ന് മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.. ഇന്ന് ധരം ശാലയിലെ ജന്മദിനാഘോഷ ചടങ്ങിൽ കേന്ദ്രമന്ത്രിമാരായ കിരൺ റെജിജു, രാജീവ് രഞ്ജൻ സിംഗ് തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

മുഹറം പത്താം ദിവസമായ ആശൂറാ ദിനത്തിൽ, ഹസ്രത്ത് ഇമാം ഹുസൈന്റെ ത്യാഗങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുസ്മരിച്ചു. ഹസ്രത്ത് ഇമാം ഹുസൈൻ നീതിയോട് തന്റെ പ്രതിബദ്ധത പൂർണമായി പുലർത്തിയെന്നും, പ്രതികൂല സാഹചര്യങ്ങളിലും സത്യം ഉയർത്തിപ്പിടിക്കാൻ ജനങ്ങളെ പ്രചോദിപ്പിച്ചുവെന്നും സാമൂഹ്യമാധ്യമ കുറിപ്പിൽ നരേന്ദ്ര മോദി പറഞ്ഞു.

✪✪✪

ഇത്തവണത്തെ സംസ്ഥാന സ്കൂൾ കലോത്സവം തൃശ്ശൂരിലും സ്കൂൾ ഒളിമ്പിക്സ് തിരുവനന്തപുരത്തും സംഘടിപ്പിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. 2026 ജനുവരി ഏഴു മുതൽ 11 വരെയാണ് സ്കൂൾ കലോത്സവം.

കായികമേള ഒക്ടോബർ 22 മുതൽ 27 വരെയും സ്പെഷ്യൽ സ്കൂൾ കലോത്സവം നവംബർ 27 മുതൽ 30 വരെയും നടത്തും. തിരുവനന്തപുരത്ത് അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

✪✪✪

പാലക്കാട്ട് ആരോഗ്യ വകുപ്പ് നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ 40 ബെഡുകളോടു കൂടിയ ഐസോലേഷൻ യൂണിറ്റ് സജ്ജീകരിച്ചു.

ആകാശവാണി പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്.

....(വോയ്സ്)......

✪✪✪

കേരള സർവ്വകലാശാലയിൽ അടിയന്തര സിൻഡിക്കേറ്റ് യോഗം തുടരുന്നു. രജിസ്ട്രാറെ സസ്പെൻഡ് ചെയ്ത വൈസ് ചാൻസിലറുടെ നടപടി യോഗത്തിൽ റിപ്പോർട്ട് ചെയ്തു. VC-യുടെ താത്കാലിക ചുമതല വഹിക്കുന്ന സിസ തോമസും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ലോകത്തിലെ ഏറ്റവും വലിയ കപ്പൽ നിർമ്മാണ കമ്പനിയായ ദക്ഷിണ കൊറിയയിലെ ഹ്യൂണ്ടായിയും കൊച്ചിൻ ഷിപ്യാർഡും പരസ്പരസഹകരണത്തിന് ധാരണാപത്രം ഒപ്പുവെച്ചത് ചരിത്രനേട്ടമാണെന്ന് മന്ത്രി P രാജീവ് അഭിപ്രായപ്പെട്ടു. രണ്ട് കമ്പനികളും പുതിയ ഡോക്ക് നിർമ്മിക്കുന്നതോടെ കൊച്ചി കപ്പൽശാലയുടെ ശേഷി ഇരട്ടിയായി വർദ്ധിക്കുമെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. കൊച്ചി പോർട്ടിന്റെയും, സംസ്ഥാന ഗവൺമെന്റിന്റെയും സ്ഥലമായിരിക്കും ഡോക്ക് നിർമ്മാണത്തിന് ഉപയോഗിക്കുക. കേരള ആഗോള നിക്ഷേപക ഉച്ചകോടിയുടെ ഭാഗമായാണ് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ധാരണാപത്രം ഒപ്പുവെച്ചതെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

മലപ്പുറം കരുവാരക്കുണ്ടിലെ നരഭോജി കടുവ വനം വകുപ്പിന്റെ കെണിയിൽ കുടുങ്ങി. കരുവാരകുണ്ട് സുൽത്താന എസ്റ്റേറ്റ് S വളവിൽ സ്ഥാപിച്ച കൂട്ടിൽ കടുവ അകപ്പെട്ട വിവരം രാവിലെ ജോലിക്ക് പോവുകയായിരുന്ന തൊഴിലാളികളാണ് അധികൃതരെ അറിയിച്ചത്.

കടുവയെ പിടികൂടാൻ കഴിഞ്ഞ 53 ദിവസമായി വനം വകുപ്പിന്റെ പ്രത്യേക ദൗത്യ സംഘം പ്രദേശത്ത് ക്യാമ്പ് ചെയ്ത് തെരച്ചിൽ നടത്തി വരികയായിരുന്നു.

പതിമൂന്ന് വയസ്സ് പ്രായം കണക്കാക്കുന്ന പെൺ കടുവയെ വീണ്ടും വനത്തിൽ തുറന്ന് വിടാൻ അനുവദിക്കില്ലെന്ന നിലപാടിൽ നാട്ടുകാർ സ്ഥലത്ത് പ്രതിഷധവുമായി രംഗത്തെത്തി. കടുവയെ മൃഗശാലയിലേക്ക് കൊണ്ടുപോകണം എന്നാണ് അവരുടെ ആവശ്യം. തൽക്കാലം അമരമ്പലത്തേക്ക് കടുവയെ മാറ്റാനും, ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ

ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിക്കാനുമാണ് വനം വകുപ്പിന്റെ തീരുമാനം.

✪✪✪

കോട്ടയം മെഡിക്കൽ കോളജിൽ കെട്ടിടം തകർന്നു വീണ് മരിച്ച തലയോലപ്പറമ്പ് സ്വദേശി ബിന്ദുവിന്റെ വീട് മന്ത്രി വീണാജോർജ് സന്ദർശിച്ചു. കുടുംബാംഗങ്ങളെ മന്ത്രി ആശ്വസിപ്പിച്ചു. ബിന്ദുവിന്റെ വേർപാട് വേദനാജനകമാണെന്നും സംസ്ഥാന ഗവൺമെന്റ് കുടുംബത്തോടൊപ്പമുണ്ടാകുമെന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

മന്ത്രി വീണാ ജോർജിനെ കായികമായി നേരിടാൻ അനുവദിക്കില്ലെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. കഴിഞ്ഞ ദിവസം പത്തനംതിട്ട കുമ്പഴയിലെ വീണാ ജോർജിന്റെ കുടുംബ വീട് ആക്രമിക്കാൻ ശ്രമം നടന്നതായി മന്ത്രി ആരോപിച്ചു. പ്രതിഷേധങ്ങൾക്ക് ജനാധിപത്യ മാർഗങ്ങൾ ഉണ്ടെന്നും, അതിനപ്പുറം പോകാൻ പൊതുസമൂഹം അനുവദിക്കില്ലെന്നും മന്ത്രി പറഞ്ഞു.

✪✪✪

മന്ത്രി വീണാ ജോർജ് രാജിവെക്കണമെന്നവശ്യപ്പെട്ട് BJP കണ്ണൂർ നോർത്ത് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നാളെ കണ്ണൂർ ജില്ലാ ആശുപത്രിയിലേക്ക് മാർച്ച് നടത്തും. രാവിലെ താളികാവ് മാരാർജി ഭവന് മുന്നിൽ നിന്ന് ആരംഭിക്കുന്ന മാർച്ച് BJP മുൻ സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും.

കണ്ണൂർ ജില്ലാ ആശുപത്രിയിലെ പൊട്ടിപ്പൊളിഞ്ഞ കെട്ടിടങ്ങൾ പുനർ നിർമ്മിക്കണമെന്ന് BJP കണ്ണൂർ നോർത്ത് പ്രസിഡണ്ട് K.K വിനോദ് കുമാർ ആവശ്യപ്പെട്ടു.

✪✪✪

ബർമ്മിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ട് നാലാം ദിവസമായ ഇന്ന് മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 72 റൺസെന്ന നിലയിൽ രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും. 608 റൺസാണ് ഇംഗ്ലണ്ടിന്റെ വിജയലക്ഷ്യം.

ഇന്നലെ ഇന്ത്യ രണ്ടാം ഇന്നിംഗ്സിൽ ആറ് വിക്കറ്റിന് 427 റൺസെടുത്ത് ഡിക്ലയർ ചെയ്തിരുന്നു.

രണ്ട് ഇന്നിംഗ്സുകളിലുമായി 430 റൺസെടുത്ത ഇന്ത്യയുടെ ശുഭ്മാൻഗിൽ ഒരു ടെസ്റ്റ് മത്സരത്തിൽ ഏറ്റവും ഉയർന്ന റൺസ് നേടുന്ന രണ്ടാമത്തെ ബാറ്ററായി മാറി.

✪✪✪

കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസണിലെ കളിക്കാരുടെ ലേലം പൂർത്തിയായി. ഓഗസ്റ്റ് 21 നാണ് സീസണിന് തുടക്കമാകുന്നത്. തിരുവനന്തപുരം ഗ്രീൻഫീൽഡ് ഇന്റർനാഷണൽ സ്റ്റേഡിയത്തിലെ സ്പോർട്സ് ഹബ്ബിലാണ് ലീഗ് മത്സരങ്ങൾ.

രണ്ടാം പതിപ്പിന്റെ ഭാഗമായി കേരള ക്രിക്കറ്റ് അസോസിയേഷൻ ഈ വർഷം മുതൽ മാധ്യമ പുരസ്കാരങ്ങൾ ഏർപ്പെടുത്തും.

✪✪✪

പച്ചക്കറി ഉൽപാദന വർധനയും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ട് വിവിധ വകുപ്പുകളുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തത്തോടെ നടപ്പാക്കുന്ന 'സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം' പദ്ധതിക്ക് കോഴിക്കോട് ജില്ലയിലും തുടക്കമായി. മുഖ്യമന്ത്രിയുടെ നൂറുദിന കർമപരിപാടിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി നസീർ ബാബു.

....(വോയ്സ്)...........

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ , രജിന*
*DEO: ഷീബ*